Office of the Assistant Executive Engineer
Mulanthuruthy
682 314
Minor Irrigation Sub Division

**കേരള സർക്കാർ**
**ജലവിഭവ വകുപ്പ്**
**(ചെറുകിട ജലസേചന സബ് ഡിവിഷൻ, മുളന്തുരുത്തി)**
**പുനർ ദർഘാസ് പരസ്യം**

നമ്പർ ഡി.ബി 01/2013-14 തീയതി 01/02/2018

ബഹുമാനപ്പെട്ട കേരളാ ഗവർണ്ണർക്ക് വേണ്ടി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ, മുളന്തുരുത്തി താഴെ പറയുന്ന പ്രവൃത്തിക്ക് നിശ്ചിത യോഗ്യതയുള്ള സർക്കാർ അംഗീകൃത കരാറുകാരിൽ നിന്നും **12.02.2018** വൈകുന്നേരം **3.00** മണി വരെ മത്സരസ്വഭാവമുള്ള പുനർ ദർഘാസുകൾ പ്രവൃത്തിയുടെ പേര് ആലേഖനം ചെയ്തിട്ടുള്ള മുദ്രവച്ച കവറുകളിൽ തപാലിൽ രജിസ്ട്രേഡ്/സ്പീഡ് പോസ്റ്റായി മാത്രം ക്ഷണിച്ചുകൊള്ളുന്നു. തപാലിൽ ഉണ്ടാകാവുന്ന കാലതാമസത്തിന് ഈ വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല. കൊറിയർ സർവ്വീസിലൂടെയും നേരിട്ടും സമർപ്പിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. അന്നേ ദിവസം വൈകുന്നേരം 3.30ന് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥനോ നിശ്ചിത സമയത്തിനകം ലഭിച്ച ദർഘാസ് കവറുകൾ തുറന്ന് പരിശോധിക്കുന്നതായിരിക്കും. ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം അവധിയായിരുന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസുകൾ പരിഗണിക്കുന്നതാണ്.

| ക്രമ നം | പുനർ ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും | നിരതദ്രവ്യം രൂപ | ദർഘാസ് ഫാറത്തിന്റെ വില രൂപ | പ്രവൃത്തിയുടെ കാലാവധി |
|---|---|---|---|---|---|
| 1 | 13/2017-18 | എറണാകുളം ജില്ലയിലെ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിൽ 5-ാം വാർഡിലെ പള്ളിപ്പുറം പുഞ്ചതോട് വൃത്തിയാക്കലും ആ തോടുകൾക്കിടയിലെ 3 കുളങ്ങളുടെ പുനരുജ്ജീവനവും അടങ്കൽ തുക 3,00,000/- (Est No. 2018/148/IA) (പുനർ ദർഘാസ്) | 7500 | 600+12% ജിഎസ്ടി | 2 മാസം |

ദർഘാസ് വിൽക്കുന്ന തീയതി : **07/02/2018 ഉച്ചയ്ക്ക് 1.00 മണി വരെ**

ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി : **12/02/2018 വൈകുന്നേരം 3.00 മണി വരെ**

ദർഘാസ് പ്രമാണങ്ങളും മറ്റ് വിശദവിവരങ്ങളും നിശ്ചിത തുക 0702-01-800-97-00-00-NV എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിലടച്ച് രേഖാമൂലം അപേക്ഷിച്ചാൽ താഴെ ഒപ്പിട്ടിരിക്കുന്ന ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ പരസ്പരം കൈമാറാൻ പാടില്ലാത്തതാകുന്നു. ദർഘാസുകൾക്കൊപ്പം 200 രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ഒപ്പിട്ട് അടക്കം ചെയ്തിരിക്കേണ്ടതാണ്. നിരതദ്രവ്യം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ വാങ്ങിയ നിശ്ചിത തുകക്കുള്ളതും അദ്ദേഹത്തിന് ഏത് സമയത്തും മാറത്തക്ക

Scanned by CamScanner

രീതിയിൽ അധികാരപ്പെടുത്തിയിട്ടുള്ളതുമായിരിക്കണം. പ്രാഥമീക ഉടമ്പടി അടക്കം ചെയ്യിട്ടില്ലാത്തതും ആവശ്യമായ നിരതദ്രവ്യം കെട്ടിവയ്ക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതായിരിക്കും.1989 ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമ ഗ്രന്ഥത്തിലെ (2) വകുപ്പ് അനുസരിച്ച് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ നിർമ്മാണ പ്രവൃത്തികളുടെ മൊത്തം ചെലവിൻെറ ഒരു ശതമാനം നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേക്ക് നൽകുവാനും ബാധ്യസ്ഥനാണ്

കേരള പൊതുമരാമത്ത് വകുപ്പിലേയും ജലവിഭവ വകുപ്പിലേയും ദർഘാസുകളെ സംബന്ധിച്ചുള്ള എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ അന്വേഷിച്ചറിയാവുന്നതാണ്.

കരാറുകാരുടെ യോഗ്യത - ഡി ക്ലാസിനു അതിനു മുകളിലും

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
(കേരളാ ഗവർണ്ണർക്ക് വേണ്ടി)

ചെറുകിട ജലസേചന ഉപ വിഭാഗം
അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
മുളന്തുരുത്തി

പകർപ്പ് :

1. ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തിരുവനന്തപുരം
2. സൂപ്രണ്ടിംഗ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ, എറണാകുളം
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ, എറണാകുളം
4. പ്രസിഡൻറ്, ചോറ്റാനിക്കര, മുളന്തുരുത്തി പഞ്ചായത്ത്
6. അസിസ്റ്റൻറ് എഞ്ചിനീയർ, എം. ഐ സെക്ഷൻ മുളന്തുരുത്തി
7. ഹെഡ് ക്ലാർക്ക്
9. നോട്ടീസ് ബോർഡ്

Scanned by CamScanner

Office of the Assistant Executive Engineer
Mulanthuruthy
682 314
Minor Irrigation Sub Division

**കേരള സർക്കാർ ദർഘാസുകൾ**
**ജലവിഭവ വകുപ്പ്**

വിൻഡോ നമ്പർ :

ദർഘാസ് നമ്പർ; ഡി.ബി/ 1/2013-14
തീയതി 01/02/2018

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചെറുകിട ജലസേചന ഉപ വിഭാഗം
മുളന്തുരുത്തി

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചെറുകിട ജലസേചന ഉപ വിഭാഗം മുളന്തുരുത്തി സബ് ഡിവിഷനു കീഴിലുള്ള എറണാകുളം ജില്ലയിലെ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിൽ 5-ാം വാർഡിലെ പള്ളിപ്പുറം പുഞ്ചതോട് വൃത്തിയാക്കലും ആ തോടുകൾക്കിടയിലെ 3 കുളങ്ങളുടെ പുനരുജ്ജീവനവും (1 പ്രവൃത്തി) (പുനർ ദർഘാസ്)

| | | |
|---|---|---|
| പരമാവധി ദർഘാസ് വില | : | 600 + ജിഎസ്ടി 12% |
| പരമാവധി നിരതദ്രവ്യം | : | 7500/- |

**ദർഘാസ് വിൽക്കുന്ന തീയതി : 07/02/2018 ഉച്ചയ്ക്ക് 1.00 മണി വരെ**

**ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി : 12/02/2018 വൈകുന്നേരം 3.00 മണി വരെ**

ആകെ അടങ്കൽ തുക :- 3,00,000/-
(മൂന്ന് ലക്ഷം രൂപ)

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
(കേരള ഗവർണർക്ക് വേണ്ടി)

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
ചെറുകിട ജലസേചന ഉപ വിഭാഗം
മുളന്തുരുത്തി

Scanned by CamScanner